*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെ കാര്യാലയം*
*ഹയർ സെക്കൻററി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്*
*തിരുവനന്തപുരം-1*

**ICT Cell/1771/1/DGE_HSE/2024** **06/06/2024**

# സർക്കുലർ

സൂചന : 1) സ.ഉ(സാധാ)നം.3015/2024/പൊ.വി.വ തീയതി 08/05/2024

2) 04/04/2024 തീയതിയിലെ D/D4/7844/2022/STDD നമ്പർ പ്രകാരമുള്ള പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കത്ത്

3) ഇതേ നമ്പറിലെ 21/05/2024 ലെ സർക്കുലർ

## മോഡൽ റെസിഡെൻഷ്യൽ ഹയർസെക്കണ്ടറി സ്കൂൾ പ്ലസ്‌വൺ പ്രവേശനം – ട്രയൽ അലോട്ട്മെൻറ് റിസൾട്ട് പ്രസിദ്ധീകരണം : നിർദ്ദേശങ്ങൾ

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പതിനാല് (14) മോഡൽ റെസിഡെൻഷ്യൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവേശനത്തിനായി 2024 മേയ് 22 മുതൽ 30 ന് വൈകിട്ട് 5 മണി വരെ ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുകയുണ്ടായി. ട്രയൽ അലോട്ട്മെൻറ് റിസൾട്ട് 2024 ജൂൺ 7 ന് വൈകിട്ട് 4 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പ്രോസ്പക്ടസ് മാനദണ്ഡങ്ങളും സൂചന 3 സർക്കുലറിലെ മാനദണ്ഡങ്ങളും അനുസരിച്ച് സാധുതയുള്ള അപേക്ഷകളും ഓപ്ഷനുകളുമാണ് അലോട്ട്മെൻറിനായി പരിഗണിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിൻെറ അഡ്മിഷൻ ഗേറ്റ്‌വേ ആയ **www.admission.dge.kerala.gov.in** എന്ന വെബ്സൈറ്റിലെ **"Click for Higher Secondary Admission"** എന്ന ലിങ്കിലൂടെ ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ ( https://www.hscap.kerala.gov.in/ ) പ്രവേശിച്ച് Candidate

Login-MRS എന്നതിലൂടെ ലോഗിൻ ചെയ്ത് Trial Results എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് ട്രയൽ റിസൾട്ട് പരിശോധിക്കാവുന്നതാണ്.

സ്കൂളുകളിലേയ്ക്കുള്ള ട്രയൽ അലോട്ട്മെൻറ് ലിസ്റ്റുകൾ ഇതേ വെബ്സൈറ്റിൽ അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്.സ്കൂളിലേക്കുള്ള ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് സീറ്റ്മെട്രിക്സ് പ്രകാരം തന്നെയാണെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും ഏതെങ്കിലും തരത്തിലുള്ള പൊരുത്തക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ സത്വരമായി ഐ.സി.റ്റി. സെല്ലിൽ അറിയിക്കേണ്ടതുമാണ്.

## ട്രയൽ പരിശോധിക്കുവാനുള്ള സമയപരിധി

**2024 ജൂൺ 10 ന് വൈകിട്ട് 4 മണിവരെ** അപേക്ഷകർക്ക് ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് പരിശോധിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാവിവരങ്ങളിലുള്ള എല്ലാവിധ തെറ്റുകളും തിരുത്തുന്നതിനുള്ള അവസാന അവസരമാണിത്. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ ക്യാൻഡിഡേറ്റ് ലോഗിനിലെ Edit Application എന്ന ലിങ്കിലൂടെ ആവശ്യമായ തിരുത്തലുകൾ /ഉൾപ്പെടുത്തലുകൾ **2024 ജൂൺ 10 ന് വൈകിട്ട് 4 മണിക്കുള്ളിൽ നടത്തി ഫൈനൽ കൺഫർമേഷൻ ചെയ്യേണ്ടതുമാണ്.** 2024 മേയ് 30 ന് വൈകിട്ട് 5 മണിയ്ക്കുള്ളിൽ ഫൈനൽ കൺഫർമേഷൻ നൽകാതിരുന്ന അപേക്ഷകർക്ക് ഈ അവസരത്തിൽ ഫൈനൽ കൺഫർമേഷൻ നടത്തി അപേക്ഷകൾ അന്തിമമായി സമർപ്പിക്കാവുന്നതാണ്.

## WGPA യും അപേക്ഷാവിവരങ്ങളും പരിശോധിക്കണം

ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് എല്ലാ അപേക്ഷകരും നിർബന്ധമായും പരിശോധിക്കണം. അപേക്ഷാ വിവരങ്ങളും WGPA യും കൃത്യമാണെന്ന് ഉറപ്പു വരുത്തണം. WGPA കണക്കാക്കുന്ന രീതി പ്രോസ്പെക്ടസിൽ നിന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്ന് കരുതുന്നു.

## തിരുത്തുവാൻ കഴിയുന്ന അപേക്ഷാ വിവരങ്ങൾ

അപേക്ഷാ വിവരങ്ങളിൽ ഓപ്ഷനുകൾ ഉൾപ്പെടെയുള്ള തിരുത്തലുകൾ ഇനിയും വരുത്താവുന്നതാണ്. അലോട്ട്മെൻറിനെ നിർണ്ണായകമായി സ്വാധീനിക്കുന്ന ജാതി സംവരണ വിവരങ്ങൾ,ബോണസ് പോയിൻറ് ലഭിക്കുന്ന വിവരങ്ങൾ, താമസിക്കുന്ന പഞ്ചായത്തിൻേറയും താലൂക്കിൻേറയും വിവരങ്ങൾ (അപേക്ഷകൻെറ സ്ഥിര മേൽ വിലാസത്തെ അടിസ്ഥാനപ്പെടുത്തി) ,ടൈ ബ്രേക്കിന് പരിഗണിക്കുന്ന മറ്റ് പാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ(കലാകായിക മേളകൾ,ക്ലബുകൾ മുതലായവ) എന്നിവ സംബന്ധിച്ച് നിങ്ങളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണെന്ന് ഉറപ്പ് വരുത്തണം.ഇത്തരം വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയിരുന്നാൽ പ്രവേശനം നിഷേധിക്കപ്പെടും.അതുകൊണ്ട് തിരുത്തലുകൾ വരുത്തുവാനുള്ള ഈ അവസാന അവസരം ഫലപ്രദമായി വിനിയോഗിക്കുക. **ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാൻ ഉപയോഗിച്ച വിവരങ്ങൾ ഒന്നും തന്നെ തിരുത്തുവാനോ മാറ്റം വരുത്തുവാനോ സാധിക്കുകയില്ല.**

## തെറ്റായ വിവരങ്ങൾ അപേക്ഷയിലുണ്ടായാൽ

ബോണസ് പോയിൻറുകൾ ലഭിക്കുന്ന വിവരങ്ങൾ,ടൈ ബ്രേക്കിനുപയോഗിക്കുന്ന വിവരങ്ങൾ, അപേക്ഷകൻെറ കാറ്റഗറി മുതലായവ ഉൾപ്പെടെ അലോട്ട്മെൻറിനെ ബാധിക്കുന്ന ഒന്നും പ്രോസ്പെക്ടസിൽ അവശ്യപ്പെട്ടിരിക്കുന്ന സർട്ടിഫിക്കറ്റുകളില്ലാതെ അവകാശപ്പെടരുത്. ഇങ്ങനെ ലഭിക്കുന്ന അലോട്ട്മെൻറുകൾ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതിരുന്നാൽ റദ്ദാക്കുകയും വിദ്യാർത്ഥിയുടെ പ്രവേശനാവസരം നഷ്ടപ്പെടുകയും ചെയ്യും.

അപേക്ഷകർക്ക് ട്രയൽ അലോട്ട്മെൻറ് റിസൾട്ട് പരിശോധിക്കുന്നതിനും അപേക്ഷയിൽ തിരുത്തലുകൾ/ഉൾപ്പെടുത്തലുകൾ നടത്തുന്നതിനും വേണ്ട സാങ്കേതിക സഹായം സ്കൂൾ ഹെൽപ്പ് ഡെസ്കുകളിലൂടെ ചെയ്ത് കൊടുക്കേണ്ടതാണ്.



പൊതുവിദ്യാഭ്യാസ ഡയറക്ടർ